ഹയർസെക്കണ്ടറി സ്കൂളുകളിലെ ഒഴിവുകൾ

75(1138) ശ്രീ. റ്റി. യു. കരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി സ്കൂളുകളിൽ ക്ലാർക്ക്, പ്യൂൺ(ഓഫീസ് അറ്റൻഡന്റ്), ലൈബ്രേറിയൻ തുടങ്ങിയ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമം ഏതുവരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഹൈക്കോടതിയുടെ ഏതെങ്കിലും ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഹയർസെക്കണ്ടറി സ്കൂളുകളിലെ അധ്യാപക തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) ഹയർ സെക്കണ്ടറിയിൽ നിലവിലുള്ള അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക്, മീനിയൽ, ലൈബ്രേറിയൻ തസ്തികകൾ അനുവദിക്കുന്നതിന് 17-8-2015-ലെ ജി.ഒ. (എംഎസ്.) നമ്പർ 220/2015/ പൊ.വി.വ. ഉത്തരവ് പ്രകാരം ഒരു സ്കീമിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത സ്കീം അനുസരിച്ച് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) ഉണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി&ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വിദ്യാലയങ്ങളുടെ പ്രവർത്തനം

76(1139) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാലയങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സ്കൂളുകളിൽ അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) യു.പി.എസ്.എ. തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും അവയിൽ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ജില്ല തിരിച്ച് അറിയിക്കുമോ;

(ഡി) സോഷ്യൽ സ്റ്റഡീസ് വിഭാഗത്തിൽ എച്ച്.എസ്.എ. തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും അവയിൽ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ജില്ല തിരിച്ച് അറിയിക്കുമോ;

(ഇ) ഒഴിവുകൾ നികത്താതിരിക്കാനുണ്ടായ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിശദാംശം അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.*

(ഡി) വിശദാംശം അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു.*

(ഇ) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ പി.എസ്.സി. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ നികത്താൻ കഴിയുകയുള്ളൂ. എച്ച്.എസ്.എ. സോഷ്യൽ സയൻസ് തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി റാങ്ക് ലിസ്റ്റ് നിലവിലില്ല. അന്തർജില്ലാ സ്ഥലം മാറ്റം, പ്രൊമോഷൻ, ബൈട്രാൻസ്ഫർ നിയമനം ഇവയ്ക്കായി മാറ്റി വച്ചിരിക്കുന്ന മറ്റ് ഒഴിവുകളിൽ നിയമന നടപടികൾ സ്വീകരിച്ചുവരുന്നു.

അൻപത്തിയാറാമത് സംസ്ഥാന സ്കൂൾ കലോത്സവം

77(1140) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 അദ്ധ്യയന വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവത്തിലും അതിനു മുന്നോടിയായി നടന്ന സബ് ജില്ല/ജില്ലാ കലോത്സവങ്ങളിലും വാളന്റിയർ സംഘങ്ങളും ഇടനിലക്കാരും ഇവർക്ക് വിധേയരായ ചില വിധികർത്താക്കളുടെയും നടത്തിപ്പു ജീവനക്കാരുടേയും ഇടപെടലുകൾ ഉണ്ടായതായും അതിന്റെ അടിസ്ഥാനത്തിൽ മത്സരാർത്ഥികളും രക്ഷകർത്താക്കളും വിദ്യാർത്ഥികളുടെ ഗുരുസ്ഥാനീയരും പരാതിപ്പെട്ടതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly